**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2675** **02-08-2021 - ൽ മറുപടിയ്ക്ക്**

**വലിയപറമ്പ് വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഉദിയന്നൂർ, തൃക്കരിപ്പൂർ സൗത്ത് എന്നീ വില്ലേജുകളെ വിഭജിച്ച് വലിയപറമ്പ് വില്ലേജ് രൂപീകരിച്ചപ്പോൾ പ്രസ്തുത വില്ലേജിലെ അപേക്ഷകർക്ക് സർക്കാർ സൈറ്റുകളിൽ വലിയപറമ്പ് വില്ലേജ് എന്ന ഓപ്ഷൻ ഇല്ലാത്തതുകാരണം പല അപേക്ഷകളും നൽകാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി പരിഹരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് വികസിപ്പിച്ചതും കൈകാര്യം ചെയ്യുന്നതുമായ E- district, Revenue Land Information System (RELIS) എന്നീ വെബ് പോർട്ടലുകളിൽ കാസർഗോഡ് ജില്ലയിലെ ഹൊസ്ദുർഗ് താലൂക്കിലെ വലിയപറമ്പ് വില്ലേജ് ഓഫീസ് പ്രത്യേക വില്ലേജ് ഓഫീസ് ആയി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. E- district, Revenue Land Information System (RELIS) വെബ് പോർട്ടലുകളിലൂടെ വലിയപറമ്പ് വില്ലേജിൽ നിന്നും ലഭിക്കേണ്ട എല്ലാ ഓൺലൈൻ സേവനങ്ങൾക്കും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. മറ്റ് സർക്കാർ വകുപ്പുകളോ സ്ഥാപനങ്ങളോ വികസിപ്പിച്ച് കൈകാര്യം ചെയ്യുന്ന വെബ് പോർട്ടലുകളിലോ ആപ്ലിക്കേഷനുകളിലോ ലഭ്യമാകുന്ന ഡാറ്റ നിയന്ത്രിക്കുവാനോ ഡാറ്റയിൽ മാറ്റം വരുത്തുവാനോ റവന്യൂ വകുപ്പിന് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ